**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3348** **08-10-2025 - ൽ മറുപടിയ്ക്ക്**

**തുമ്പൂർമുഴി ശലഭോദ്യാനത്തിന്റെ സൗന്ദര്യവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ തുമ്പൂർമുഴി ശലഭോദ്യാനത്തിൽ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി 2017-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | തുമ്പൂർമുഴി ശലഭോദ്യാനത്തിന്റെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി 2017 ൽ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ റെയിൻ ഷെൽട്ടർ, പാത്ത്.വേ, റീലൊക്കേഷൻ ഓഫ് ഷോപ്, കർട്ടൻ ഫൗണ്ടൻ, ഫുട് ഓവർ ബ്രിഡ്ജ്, ലൈറ്റിങ്, സിറ്റിംഗ് അറേഞ്ച്മെന്റ്, ചിൽഡ്രൻസ് പാർക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ, വാട്ടർ സപ്ലൈ & സാനിറ്ററി വർക്ക്, ഇലക്ട്രിക്കൽ വർക്ക് തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും തരം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ടി പദ്ധതിക്ക് 4 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ 80% തുക ആയ 3,20,00,000/-രൂപ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് മുൻകൂറായി നൽകിയിരുന്നു. നിർവ്വഹണ ഏജൻസി ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രവൃത്തിയുടെ നിർവഹണ ചുമതല നൽകിയത് ഏത് ഏജൻസിക്കായിരുന്നു എന്ന് വെളിപ്പെടുത്താമോ; | (സി) | പ്രവൃത്തിയുടെ നിർവഹണ ചുമതല കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനാണ് നൽകിയിരിക്കുന്നത്. |
| (ഡി) | പ്രവൃത്തിയുടെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ഡി) | മലിനീകരണ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയത് പരിഹരിക്കുന്നതിനായി STP സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | പ്രവൃത്തിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ? | (ഇ) | ടി പദ്ധതിയുമായി ബന്ധപ്പെട്ട കേസുകൾ ഒന്നും നിലവിൽ ഇല്ല |

സെക്ഷൻ ഓഫീസർ